**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവികൾ നാട്ടിലിറങ്ങി മനുഷ്യ ജീവനും സ്വത്തിനും നാശമുണ്ടാക്കിയ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മനുഷ്യ ജീവനും സ്വത്തിനും വന്യമൃഗങ്ങൾക്കും നാശമുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം “സംസ്ഥാന സവിശേഷ ദുരന്ത”മായി 07-03-2024 ന് സർക്കാർ ഉത്തരവ് (കൈ) നം. 4/2024/വനം പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 07-03-2024 ന് തന്നെ സർക്കാർ ഉത്തരവ് (കൈ) നം.12/2024/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേത്തുടർന്ന്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂക-രിക്കുന്ന വിഷയം ചർച്ച ചെയ്യുകയും വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട ഹ്രസ്വകാല, ദീർഘകാല ചുമതല-കൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനായി ടാർഗറ്റും തയ്യാറാക്കിയിട്ടുണ്ട്.<br><br>അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം കേരള, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ കാട്ടാനകളുടെ കണക്കെടുപ്പിനായി 2024 മെയ് 23, 24, 25 തീയതികളിലായി Inter-state Synchronised Elephant Population Estimation സംഘടിപ്പിച്ചു.<br><br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമുള്ള ദീർഘ-കാല-ഹ്രസ്വകാല പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അന്തർദേശീയ ദേശീയ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. ടി സമിതിയുടെ അംഗങ്ങളേയും മറ്റു വിദഗ്ധരേയും ഉൾപ്പെടുത്തി 2024 മെയ് മാസം ആറാം തീയതി International Consultative Workshop സംഘടിപ്പിക്കുകയുണ്ടായി. മനുഷ്യ-വന്യജീവി |

| | | | |
|---|---|---|---|
| | | | സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പ് ഉദ്യോഗസ്ഥർ, വോളന്റീയർമാർ, എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിച്ചു. |
| (ബി) | വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയോട് ചേർന്ന് സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25-02-2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 21-05-2024 ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച ഉത്തരവായിട്ടുണ്ട്.<br><br>വനത്തിനുള്ളിൽ അനുയോജ്യ സ്ഥാനങ്ങളിൽ കുളങ്ങൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ച് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയും, അക്കേഷ്യ, യൂക്കാലിപ്റ്റ്സ് |

മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ മുറിച്ചു നീക്കി ഫലവൃക്ഷങ്ങളുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിച്ച് പാരിസ്ഥിതിക പുനഃസ്ഥാപനം നടത്തി വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പ് വരുത്തിയും അവ ജനവാസ മേഖലയിൽ ഇറങ്ങുന്നത് കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി റീബിൽഡ് കേരള / കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം യൂണിറ്റ് അടിസ്ഥാനത്തിൽ വില നിർണ്ണയിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽ നിന്നും ടി ആളുകൾക്ക് സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു. നവകിരണം പദ്ധതി പ്രകാരം 783 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 783 അർഹത കുടുംബങ്ങളിൽ, 601 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 182 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 103.80 കോടി രൂപ (റിബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി മുഖേന 79.575 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 24.225 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്.

മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(MS) 04/24/ DMD dated 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് State Emergency Operation Centre (SEOC)-യും ഡിവിഷൻ തലത്തിൽ Division Emergency Operation Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള അടിയന്തര സാഹചര്യം ലഘൂകരിക്കുന്നതിനും പ്രശ്നപരിഹാരത്തിനും ചീഫ് വൈൽഡ്ലൈഫ് വാർഡനെ മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷ

| | | | |
|---|---|---|---|
| | | | സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ ആധുനിക വിവര-വിനിമയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ച് വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സ്ഥിരവും താൽക്കാലികവുമായി ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത് , വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കല്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട്, പാലോട്, തെന്മല, എരുമേലി റെയിഞ്ചിലെ വണ്ടൻപതാൽ, മാങ്കുളം റെയിഞ്ചിലെ കടലാർ, കോതമംഗലം, പാലപ്പിള്ളി, കൊല്ലങ്കോട്, കാളികാവ് റെയിഞ്ചിലെ കരുവാരക്കുണ്ട്, മാനന്തവാടി, കോന്നി-എലിയറയ്ക്കൽ, ആലപ്പുഴ സിറ്റി, മറയൂർ, പട്ടിക്കാട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. |
| (സി) | വനങ്ങളിൽ മൃഗങ്ങൾക്ക് ജലം, ഭക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വനത്തിനുള്ളിൽ വന്യ മൃഗങ്ങൾക്ക് അനു യോജ്യമായ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുവാനായി അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം ഏകവിള തോട്ടങ്ങൾ മുറിച്ചുനീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷയിനങ്ങൾ നട്ടുപിടിപ്പിച്ച് വരുന്നു. മുള, ഈറ തുടങ്ങിയ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികളിൽ VSS, EDC-കളെയും ഉൾപ്പെടുത്തി വന്യജീവികളുടെ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി വേനൽക്കാലങ്ങളിൽ ബ്രഷ് വുഡ് ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകൾ (1434 എണ്ണം), കുളങ്ങൾ, വയലുകൾ (575 എണ്ണം) എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ഉപയോഗ യോഗ്യമാക്കി ജലസ്രോതസ്സുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ തടയണകൾ അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിച്ചും വരുന്നുമുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ സ്ഥാപിക്കുന്നുണ്ട്. തണ്ണീർ തടങ്ങളുടെ പരിപാലനവും |

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നുണ്ട്. വയൽ മെയിന്റനൻസ്, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാവിധം നടത്തി വനത്തിലെ ജൈവ വൈവിധ്യം സംരക്ഷിച്ചു വരുകയും ചെയ്യുന്നു. |
| (ഡി) | മനുഷ്യ-വന്യജീവി സംഘർഷം പരമാവധി ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(MS) 04/2024/DMD dated 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് State Emergency Operation Centre (SEOC)-യും ഡിവിഷൻ തലത്തിൽ Division Emergency Operation Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ച് വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സ്ഥിരവും താൽക്കാലികവുമായി ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആർ.ആർ.റ്റി.കളുടെ കാര്യ ക്ഷമത മെച്ചപ്പെടുത്തുന്നതിനായി വയനാട് ആർ.ആർ.റ്റി. ടൂൾ റൂം മാതൃകയിൽ 5 സർക്കിളുകളിൽ ടൂൾ റൂമുകൾ സജ്ജീകരിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി നേരിടുന്നതിന് comprehensive strategy തയ്യാറാക്കുന്നുണ്ട്.<br><br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും സംസ്ഥാനത്തെ വന്യമൃഗ സംഘർഷങ്ങൾ തടയുന്നതിനും ഫലപ്രദമായി പ്രതിരോധ മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുമായുള്ള ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വിദഗ്ധ സമിതിയെ രൂപകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് വനം വകുപ്പിലെ ജീവനക്കാർക്കും തദ്ദേശ വാസികൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി വിവിധ സർക്കിളുകളിൽ നിന്നും മാസ്റ്റർ ട്രയിനർമാരെയും അവർക്ക് പരിശീലനം നൽകുന്നതിനായി വിദഗ്ധ പരിശീലകരെയും തെരഞ്ഞെടുത്തിട്ടുണ്ട്. വനത്തിനുള്ളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തികളിൽ നിലവിലുള്ള ഫെൻസിംഗ്, കിടങ്ങുകൾ തുടങ്ങിയവ യഥാസമയം പരിപാലിക്കുന്നതിനും വേലികൾ ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ